<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 117</u> <u>10-10-2024 - ൽ മറുപടിയ്ക്ക്</u>

<u>പ്ലോട്ടുകളാക്കി വില്ക്കുന്ന ഭൂമിയുടെ രജിസ്ട്രേഷൻ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിടനിർമ്മാണചട്ടങ്ങളും കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി നിബന്ധനകളും ലംഘിച്ച് പ്ലോട്ടുകളാക്കി വില്ക്കുന്ന ഭൂമിയുടെ രജിസ്ട്രേഷനുകൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കെട്ടിട നിർമ്മാണ ചട്ടങ്ങളും കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി നിബന്ധനകളും ലംഘിച്ച് പ്ലോട്ടുകളായി വിൽക്കുന്ന ഭൂമിയുടെ രജിസ്ട്രേഷൻ നിയന്ത്രിക്കുന്നത് സംബന്ധിച്ച് രജിസ്ട്രേഷൻ നിയമത്തിൽ പരാമർശിച്ചിട്ടില്ല. ആധാരങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നത് കേന്ദ്രനിയമമായ 1908 -ലെ രജിസ്ട്രേഷൻ നിയമങ്ങൾക്കനുസൃതമായതിനാൽ മേൽ പ്രകാരം പ്ലോട്ടുകളായി വിൽക്കുന്ന ഭൂമിയുടെ രജിസ്ട്രേഷനുകൾ നിയന്ത്രിക്കുന്നതിനായി ആവശ്യമായ ഭേദഗതി രജിസ്ട്രേഷൻ നിയമത്തിൽ വരുത്തേണ്ടതാണ്. അപ്രകാരം ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | കെ.ബി.ആർ. ചട്ടം 4, 5, 31 എന്നിവ പാലിക്കുന്നത് സംബന്ധിച്ച ഉത്തരവുകൾക്ക് അനുസൃതമാണ് പ്ലോട്ടുകൾ രജിസ്ട്രേഷൻ നടത്തുന്നത് എന്നുറപ്പ വരുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | കെ.ബി.ആർ.ചട്ടം 4,5,31 എന്നിവ പാലിക്കുന്നത് സംബന്ധിച്ച ഉത്തരവുകൾക്ക് അനുസൃതമായി പ്ലോട്ടുകൾ രജിസ്ട്രേഷൻ നടത്തുന്നതിന് രജിസ്ട്രേഷൻ നിയമത്തിൽ ഭേദഗതി വരുത്തേണ്ടതാണ്. അപ്രകാരം ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | 1958-ലെ രജിസ്ട്രേഷൻ നിയമം ചട്ടം 191 ഉപചട്ടം 1-19, 198 ലെ വകുപ്പ് 71-77 എന്നിവ ഭേദഗതി ചെയ്ത് കെട്ടിട നിർമ്മാണത്തിലെ 5, 31 എന്നീ വകുപ്പുകൾ പാലിക്കുന്നുണ്ട് എന്നുറപ്പുവരുത്താൻ അടിയന്തര നടപടി സ്വീകരിക്കാമോ? | (സി) | 1958 -ലെ രജിസ്ട്രേഷൻ നിയമം ചട്ടം 191 ഉപചട്ടം 1-19, 198 ലെ വകുപ്പ് 71-77 എന്നിവ ഭേദഗതി ചെയ്ത് കെട്ടിട നിർമ്മാണത്തിലെ 5, 31 എന്നീ വകുപ്പുകൾ പാലിക്കുന്നുണ്ട് എന്നുറപ്പ് വരുത്തുന്നതിനായി രജിസ്ട്രേഷൻ ആക്റ്റിൽ ഭേദഗതി വരുത്തേണ്ടതാണ്. അപ്രകാരം ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ